(സി) നിലവിൽ ഓരോ ജില്ലയിലും ജയിൽ വാർഡൻ തസ്തികയിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ഡി) ഈ ഒഴിവുകളിൽ ഇപ്പോൾ താത്ക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവരുടെ ജാതി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 24-11-2014-ലെ കണക്കനുസരിച്ച് 7102 തടവുകാർ ഉണ്ട്. 24 മണിക്കൂർ ഡ്യൂട്ടി ചെയ്യുന്നതിന് 6 തടവുകാർക്ക് 1 വാർഡർ എന്ന അനുപാതമാണുള്ളത്.

(ബി) വിവിധ ജില്ലകളടങ്ങുന്ന മൂന്ന് മേഖലകളിലേക്കും വാർഡർ നിയമനത്തിന് പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളടങ്ങുന്ന ദക്ഷിണ മേഖലയിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നുകഴിഞ്ഞു. മധ്യ (എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ) ഉത്തര (കോഴിക്കോട്, പാലക്കാട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്) മേഖലകളിൽ പരീക്ഷ കഴിഞ്ഞുവെങ്കിലും റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടില്ല.

(സി) അനുബന്ധം I-ൽ കാണാവുന്നതാണ്. *

(ഡി) 97 ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

വന്യമൃഗശല്യം കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

287 (289) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വനാതിർത്തി ഭാഗങ്ങളിൽ വന്യമൃഗ ശല്യം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി നടപ്പു സാമ്പത്തികവർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; അതിൽ എത്ര തുക ചെലവഴിച്ചു; ഇതു സംബന്ധിച്ച് ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനിയും പൂർത്തിയാക്കാനുള്ള നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) (1) കല്പറ്റ നിയോജകമണ്ഡലത്തിലെ വനാതിർത്തിയിൽ വന്യമൃഗശല്യം രൂക്ഷമായ ഭാഗങ്ങളിൽ ഏഴര കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലികൾ 2013-14 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

(2) കല്പറ്റ റെയിഞ്ചിലെ കുറുക്കൻതോട് ഭാഗത്ത് 5 കി.മീ. ദൂരത്തിലും കന്നാപുറം ഉതിരഞ്ചേരി ആല പ്രദേശങ്ങളിൽ 2 കി.മീ. ദൂരത്തിലും പാറത്തോട് മുതൽ ചെകുത്താൻ പാലം വരെയുള്ള 4.6 കി.മീ. ദൂരത്തിലും നിലവിലുള്ള സൗരോർജ്ജ കമ്പിവേലികളുടെ അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(3) തരിയോട് എട്ടാംമൈൽ വനസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ സുഗന്ധഗിരി സെക്ഷനിൽ പാറത്തോട് മുതൽ ഉതിരഞ്ചേരി വരെയുള്ള പ്രദേശങ്ങളിൽ 8 കി.മീ. ദൂരത്തിൽ നിലവിലുള്ള കമ്പിവേലിയുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(4) മേപ്പാടി റെയ്ഞ്ചിൽ പരപ്പൻപാറ ആദിവാസി കോളനി, സൺറൈസ് വാലി മുതൽ ശേഖരൻകുണ്ട് വരെയുള്ള പ്രദേശങ്ങളിൽ 3.54 കി.മീ. ദൂരത്തിൽ ജനപങ്കാളിത്തത്തോടുകൂടി സൗരോർജ്ജ കമ്പിവേലിയുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(5) കാട്ടാനശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ജനങ്ങളുടെ രാത്രികാല സഞ്ചാരം സുഗമമാക്കുന്നതിന് കല്പറ്റ റെയ്ഞ്ചിൽ 30 ഏക്കർ ഭൂദാനം കോളനി, വേങ്ങത്തോട് കോളനി, കാപ്പാംകുന്ന് കോളനി തുടങ്ങിയ പ്രദേശങ്ങളിൽ 8 സൗരോർജ്ജ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(6) കല്പറ്റ റെയിഞ്ചിലെ കാട്ടാന ശല്യം രൂക്ഷമായ പ്രദേശങ്ങളായ കുറുകൻതോട്, അമ്പ, തരിയോട് എന്നിവിടങ്ങളിൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.

(7) കാട്ടാന ശല്യം രൂക്ഷമായ തരിയോട് ഭാഗത്ത് ഒരു കി.മീ. ദൂരത്തിലും മേപ്പാടി റെയ്ഞ്ചിലെ വിവിധ പ്രദേശങ്ങളിലും നിലവിൽ ട്രഞ്ചുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടുതൽ പ്രദേശങ്ങളിൽ ട്രഞ്ച് NREGA പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനായി തരിയോട് ഗ്രാമപഞ്ചായത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(8) സുഗന്ധഗിരി സെക്ഷനിൽ, കാട്ടാനകൾ കൃഷിയിടത്തിലേക്കിറങ്ങുന്നത് തടയുന്നതിനായി 50 ഹെക്ടർ സ്ഥലത്ത് മുള്ളില്ലാ മുളത്തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(9) കാട്ടാനകൾക്ക് വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ജലത്തിനായി ജനവാസ കേന്ദ്രങ്ങളിലേക്കിറങ്ങാതിരിക്കുന്നതിനുമായി കല്ലറ റെയ്ഞ്ചിലും മേപ്പാടി റെയ്ഞ്ചിലുമായി 5 ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്.

(10) ശല്യക്കാരായ കരങ്ങുകളെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള ലാബ് ലക്കിടിയിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(ബി) (1) NABARD-RIDF-VII പദ്ധതിയിൽപ്പെടുത്തി സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനായി 66.77 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു ചെലവഴിച്ചിട്ടില്ല.

(2) ശല്യക്കാരായ കരങ്ങുകളെ കൂട് വച്ച് പിടികൂടി ഉൾക്കാട്ടിൽ വിടുന്നതിനും, കരങ്ങുകളെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള ലാബ് നിർമ്മാണത്തിനുമായി 6.98 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 4.88 ലക്ഷം രൂപ ചെലവഴിച്ചു.

(3) കൃഷി സ്ഥലങ്ങളിൽ ഇറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിനായി വാച്ചർമാരെ നിയോഗിക്കാൻ 5.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 3.3 ലക്ഷം രൂപ ചെലവഴിച്ചു.

(സി) മേപ്പാടി റെയ്ഞ്ചിൽ 23 കി. മീ., കല്ലറ റെയ്ഞ്ചിൽ 14 കി.മീ. (ആകെ 37 കി.മീ.) സൗരോർജ്ജ വേലി നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വനം വകുപ്പിന് കീഴിലുള്ള സൊസൈറ്റികൾ

288 (290) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലുള്ള സ്ഥലത്ത് സഹകരണ മേഖലയിൽ വനോൽപ്പന്നങ്ങൾ വിപണനം നടത്തുന്ന എത്ര സൊസൈറ്റികൾ പ്രവർത്തിച്ച് വരുന്നു ; അവ എവിടെയൊക്കെ ;

(ബി) ഇത്തരം സൊസൈറ്റികൾക്ക് നിശ്ചിത സ്ഥലങ്ങളിൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) ഇത്തരം സ്ഥാപനങ്ങൾ ഉപഭോക്താക്കൾക്ക് വന ഉല്പന്നങ്ങൾ വനശ്രീയെക്കാളും വിലക്കുറവിൽ വിപണനം നടത്താനാവുമെങ്കിൽ ഗവൺമെന്റ് നേരിട്ട് നടത്തുന്ന വനശ്രീകൾക്ക് അതിന് സാധിക്കാത്തതിനുള്ള കാരണം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly